## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

### സതീഷിനെതിരെയുള്ള കൊലക്കേസ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3051 13/07/2015-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.എളമരം കരീം

മറുപടി

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിൽ വച്ച് രഘു എന്ന യുവാവിനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയായ സതീഷിനെ പോലീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) | കൊലക്കേസിൽ സതീഷിനെതിരെയുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എന്തെല്ലാംകുറ്റങ്ങളാണ് ആരോപിക്കപ്പെട്ടിരിക്കുന്നത്; | (ബി) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302, 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്. |
| (സി) | ഇന്റലിജൻസ് സെക്യൂരിറ്റി വിംഗിൽ ഒരു കൊലക്കേസ് പ്രതി ജോലി ചെയ്യുന്നത് ശരിയാണോ; ഇയാളെ ഏതെങ്കിലും പാർലമെന്റ് അംഗത്തിന്റെ ഗൺമാനായി നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏത് പാർലമെന്റ് അംഗത്തിന്റെ; | (സി) നിലവിൽ ശ്രീ.സതീഷ് ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുകയോ ടിയാനെ ഏതെങ്കിലും പാർലമെന്റ് അംഗത്തിന്റെ ഗൺമാനായി നിയോഗിക്കുകയോ ചെയ്തിട്ടില്ല. |
| (ഡി) | പ്രസ്തുത പാർലമെന്റ് അംഗം കൊലപാതക കേസിൽ നിന്നും സതീഷിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ